മൊത്തമായി മീറ്റർ വാങ്ങി ടെസ്റ്റ് ചെയ്ത് തെരഞ്ഞെടുത്ത ഓഫീസു കളിൽനിന്നും വിലയ്ക്ക് ലഭ്യമാക്കുന്നതാണ്.

## ആന്റി പവർ തെഫ്റ്റ് സ്ക്വാഡുകൾ

**47 (6498)** ശ്രീ. എ. കെ. ബാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതിമോഷണം കണ്ടുപിടിക്കുന്നതിനുള്ള എത്ര ആന്റി പവർ തെഫ്റ്റ് സ്ക്വാഡുകളാണ് സംസ്ഥാനത്ത് പ്രവർത്തിക്കുന്നത് എന്നറിയിക്കുമോ;

(ബി) ഓരോ സ്ക്വാഡിന്റെയും ഘടന എപ്രകാരമാണ്; സ്ക്വാഡിന്റെ തലവൻ ആരാണ്;

(സി) കഴിഞ്ഞ മൂന്ന് വർഷത്തിനിടയിൽ എത്ര രൂപയുടെ വൈദ്യുതി മോഷണം പ്രസ്തുതസ്ക്വാഡ് കണ്ടുപിടിച്ചിട്ടുണ്ട്; വിശദാംശങ്ങൾ നൽകുമോ;

(ഡി) നിലവിൽ സ്ക്വാഡിന് നേതൃത്വം നൽകുന്ന പോലീസ് മേധാവികളെ മാറ്റി ബോർഡിലെതന്നെ എഞ്ചിനീയർമാരെ സ്ക്വാഡുതലവന്മാരാക്കാൻ തീരുമാനിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ നൽകുമോ?

### ഉത്തരം

(എ) 13 സ്ക്വാഡുകൾ.

(ബി) ഓരോ സ്ക്വാഡും ഒരു അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ നേതൃത്വത്തിലാണ് പ്രവർത്തിക്കുന്നത്.

ഓരോ സ്ക്വാഡിലും അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർക്കു പുറമെ താഴെപ്പറയുന്ന പ്രകാരം മറ്റ് ഉദ്യോഗസ്ഥരും ഉൾപ്പെട്ടിട്ടുണ്ട്:

1. അസിസ്റ്റന്റ് എഞ്ചിനീയർ - 1
2. സബ് എഞ്ചിനീയർ -1
3. ലൈൻമാൻ/ഓവർസീയർ -1
4. സിവിൽ പോലീസ് ഓഫീസർ -1
5. ജൂനിയർ അസിസ്റ്റന്റ്/സീനിയർ അസിസ്റ്റന്റ് -1
6. ഓഫീസ് അറ്റൻഡന്റ് -1.

(സി) എ.റ്റി.പി.എസ്.-ന്റെ 13 സ്ക്വാഡുകളുംചേർന്ന് കഴിഞ്ഞ മൂന്ന് വർഷത്തിനിടയിൽ 9,72,57,121/- രൂപയുടെ വൈദ്യുതി മോഷണം കണ്ടുപിടിച്ചിട്ടുണ്ട്. ഓരോ സ്ക്വാഡും കണ്ടുപിടിച്ച തുക താഴെ കൊടുക്കുന്നു:

| സ്ക്വാഡിന്റെ പേര് | കണ്ടുപിടിച്ച തുക |
|---|---|
| (1) | (2) |
| തിരുവനന്തപുരം യൂണിറ്റ് | 1,17,09,132 |
| കൊല്ലം | 1,94,39,531 |

LIBRARY ARCHIVES Kerala Legislative Assembly

| (1) | (2) |
|---|---|
| തിരുവല്ല | 82,75,408 |
| കോട്ടയം | 57,83,604 |
| എറണാകുളം | 63,40,666 |
| തൃശ്ശൂർ | 59,47,996 |
| പാലക്കാട് | 61,21,303 |
| വാഴത്തോപ്പ് | 1,37,00,774 |
| മലപ്പുറം | 61,37,556 |
| കൽപ്പറ്റ | 16,30,585 |
| കോഴിക്കോട് | 56,37,528 |
| കണ്ണൂർ | 38,86,581 |
| കാസർഗോഡ് | 26,46,457 |
| ആകെ | 9,72,57,121 |

(ഡി) എ.പി.റ്റി. സ്ക്വാഡുകൾ രൂപീകരിച്ചതുമുതൽ ബോർഡിലെതന്നെ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർമാരാണ് സ്ക്വാഡ് തലവന്മാരായി പ്രവർത്തിക്കുന്നത്. ആയത് മാറ്റുന്നതുമായി ബന്ധപ്പെട്ട് യാതൊരു തീരുമാനവും നാളിതുവരെ കൈക്കൊണ്ടിട്ടില്ല.

## വൈദ്യുതി മോഷണം

48 (6499) ശ്രീമതി കെ. എസ്. സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരമേറ്റതിനുശേഷം നാളിതുവരെ എത്ര യൂണിറ്റ് വൈദ്യുതി മോഷ്ടിച്ചത് കണ്ടെത്തിയിട്ടുണ്ട് ; ആയതുപ്രകാരം എന്തുതുക പിഴയിനത്തിൽ ഈടാക്കി ; ജില്ലതിരിച്ച് വ്യക്തമാക്കുമോ ;

(ബി) ഇക്കാലയളവിനുള്ളിൽ ഇതുമായി ബന്ധപ്പെട്ട് എത്രവൈദ്യുതി ബോർഡ് ജീവനക്കാരെ ആന്റി പവർ തെഫ്റ്റ് സ്ക്വാഡ് പിടികൂടിയിട്ടുണ്ട് ; അവർ ആരെല്ലാം ; അവർക്കെതിരെ എന്തൊക്കെ നടപടികൾ സ്വീകരിച്ചു ; വിശദാംശം വ്യക്തമാക്കുമോ ;

(സി) ഇതുമായി ബന്ധപ്പെട്ട് ഏതൊക്കെ സ്വകാര്യ സ്ഥാപനങ്ങൾക്കെതിരെയാണ് ബോർഡ് നടപടി സ്വീകരിച്ചത് ; എപ്രകാരമുള്ള നടപടികൾ ; വിശദാംശം വ്യക്തമാക്കുമോ ;

(ഡി) വൈദ്യുതി മോഷണം തടയാൻ നൂതനമായ എന്ത് നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly